**<u>കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി അർഹതയുള്ള കലാകാരന്മാർ/ട്രൂപ്പുകൾ തുടങ്ങിയവരിൽ നിന്നും താൽപര്യപത്രം (EOI) ക്ഷണിക്കുന്നു. വിശദമായ അപേക്ഷ ഫോമും, അനുബന്ധ രേഖകളും വെബ്സൈറ്റിൽ ലഭ്യമാണ്.</u>**

എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ കലാരൂപങ്ങളിലൂടെ ഫലപ്രദമായി സമൂഹത്തിന്റെ താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഫോക് ട്രൂപ്പുകളെ തിരഞ്ഞെടുക്കുന്നതിന്റെ മാർഗ്ഗനിർദേശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. ഫോക് ട്രൂപ്പുകൾ താഴെപ്പറയുന്ന ഏതെങ്കിലും ഒന്നോ, അതിലധികമോ കലാരൂപങ്ങളിൽ പ്രാവീണ്യം ഉള്ളവരായിരിക്കണം. (കോൽക്കളി, ഓട്ടൻതുള്ളൽ, ചാക്യാർ കൂത്ത്, കാക്കാരിശ്ശി നാടകം, ചവിട്ടു നാടകം, പാവകളി, കുത്തിയോട്ടം, നാടകം, മാജിക്, കുറവരങ്കുകളി) കൂടാതെ എച്ച്.ഐ.വി സന്ദേശങ്ങൾ കൈമാറാൻ സാധിക്കുന്ന പാട്ടുകൾ, സംഭാഷണങ്ങൾ എന്നിവ സ്ക്രിപ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുന്നവരും ആയിരിക്കണം. അതിഥി തൊഴിലാളികളുടെ ഇടയിൽ എച്ച്ഐവി ബോധവൽക്കരണ പരിപാടികൾ അവതരിപ്പിക്കുന്നതിനായി ഹിന്ദി /ബംഗാളി /തമിഴ് എന്നീ ഭാഷകളിൽ ഏതെങ്കിലും പരിപാടി അവതരിപ്പിക്കുന്നതിനുള്ള പ്രാവീണ്യം അഭിലാഷണീയമായിരിക്കും.

2. സോംഗ് & ഡ്രാമ ഡിവിഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള (ഐ & പി. ആർ. ഡി, സ്റ്റേറ്റ് കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി,തുടങ്ങിയ) സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഫോക് ട്രൂപ്പുകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

3. ഫോക് ട്രൂപ്പുകൾ കലാരൂപങ്ങളിൽ പ്രാവീണ്യമുള്ളവരും, തിരഞ്ഞെടുക്കപ്പെടുമ്പോൾ ടി. ജില്ലകളിലും, മറ്റു ജില്ലകളിലും പരിപാടികൾ അവതരിപ്പിക്കേണ്ടതുമാണ്.

4. ഏതെങ്കിലും ജില്ലകളിൽ ഫോക് ട്രൂപ്പുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ മറ്റുള്ള ജില്ലകളിൽ തിരഞ്ഞെടുക്കപ്പെടുന്ന ട്രൂപ്പുകൾ ടി ജില്ലകളിൽ പരിപാടികൾ അവതരിപ്പിക്കേണ്ടതാണ്.

5. ഒന്നിൽ കൂടുതൽ ഫോക് ട്രൂപ്പുകൾ ഒരു കലാരൂപം തിരഞ്ഞെടുക്കുകയാണെങ്കിൽ മികവിന്റെ അടിസ്ഥാനത്തിൽ ട്രൂപ്പുകളെ പരിഗണിക്കുന്നതാണ്.

6. താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ടായിരിക്കും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ട്രൂപ്പുകളെ തിരഞ്ഞെടുക്കുന്നത്.

1. കലാരൂപത്തിലുള്ള പരിചയം
2. എച്ച്.ഐ.വി സന്ദേശങ്ങൾ, ആരോഗ്യ ബോധവൽകരണ സന്ദേശങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിലുള്ള പരിചയം.
3. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ അംഗീകരിച്ച സ്ക്രീനിംഗ് കമ്മിറ്റി ആയിരിക്കും ഫോക് ട്രൂപ്പുകളെ സ്ക്രീൻ ചെയ്യുന്നത്.
4. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോക് ടീമിന്റെ സമീപകാലത്ത് എടുത്ത ഫോട്ടോകളോടൊപ്പം ഓരോ ആർട്ടിസ്റ്റ്/പരിപാടി അവതരിപ്പിക്കുന്ന ആൾ താഴെപ്പറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പ്രത്യേക പേജ് അപേക്ഷ ഫോമിനോടൊപ്പം നൽകേണ്ടതാണ്.
    1) പേര്
    2) അച്ഛൻ/ഭർത്താവിന്റെ പേര്
    3) അഡ്രസ്
    4) വിദ്യാഭ്യാസ യോഗ്യത

5) മതം
6) മാതൃഭാഷ
7) ദേശീയത
8) ട്രൂപ്പിലെ പങ്ക്/ആൾ. (ടി പേജ് ട്രൂപ്പ് ലീഡർ ഒപ്പിട്ടതാകണം.)

7. അപേക്ഷാ ഫോമിനോടൊപ്പം സമീപകാലത്തെ ഫോക് പരിപാടിയുടെ വീഡിയോ സി.ഡി/പെൻ ഡ്രൈവ്/മറ്റ് ഏതെങ്കിലും തരത്തിലുള്ള സ്റ്റോറേജ് ഉപകരണത്തിൽ നൽകേണ്ടതാണ്.

8. ട്രൂപ്പിന്റെ ലീഡർ ഉൾപ്പെടെ ആർട്ടിസ്റ്റുകളെല്ലാം 01.05.2026 ന് 18 വയസ്സിന് മുകളിലുള്ളവരായിരിക്കേണ്ടതാണ്.

9. ട്രൂപ്പിന്റെ ലീഡർ ഉൾപ്പെടെ ആർട്ടിസ്റ്റുകളെല്ലാം പ്രാദേശിക ഭാഷയിൽ വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിവുള്ളവരായിരിക്കണം. ട്രൂപ്പിന്റെ ലീഡർമാർ ഗവൺമെന്റ് പ്രോഗ്രാം/നയങ്ങളെപ്പറ്റി അറിവുള്ളവരും, സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളെപ്പറ്റി അവബോധമുള്ളവരുമായിരിക്കണം.

10. ട്രൂപ്പ് ലീഡർക്ക് സ്ക്രീനിംഗിന് മുമ്പായി ടീം അംഗങ്ങളെ മാറ്റാവുന്നതാണ്. യാതൊരു കാരണവശാലും സ്ക്രീനിംഗിന് ശേഷം ടീം അംഗങ്ങളെ മാറ്റുന്നത് അനുവദിക്കുന്നതല്ല. സ്ക്രീനിംഗിന് ശേഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ട്രൂപ്പിന്റെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതാണ്.

11. ഫോക് ടീമിനെ തിരഞ്ഞെടുക്കുന്നത് പരമാവധി ഒരു വർഷത്തേക്കായിരിക്കും (മാർച്ച് 2027 വരെ). തിരഞ്ഞെടുക്കപ്പെട്ട ടീമിന് പരിപാടികൾ നൽകുന്നത് NACO മാർഗ്ഗ നിർദേശപ്രകാരവും സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ തീരുമാനപ്രകാരവും ആയിരിക്കും.

12. ഏതെങ്കിലും ഫോക് ഗ്രൂപ്പ് അഥവാ ടീം അംഗങ്ങൾ സർക്കാർ / കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ഏതെങ്കിലും തരത്തിൽ തർക്കമോ വ്യവഹാരങ്ങളോ
നടത്തിയിട്ടുണ്ടെങ്കിൽ അവർ അപേക്ഷിക്കേണ്ടതില്ല.

13. താൽപര്യ പത്രം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ ലഭിക്കേണ്ട അവസാന തീയതി 24.06.2026 5.30 പി.എം. ആയിരിക്കും.

14. കൂടുതൽ വിവരങ്ങൾക്കും, അപേക്ഷ ഫോമിനും www.ksacs.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

************************************************************